**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 163 17.03.2015 ൽ മറുപടിക്ക്**

**"പ്രഖ്യാപിത മദ്യ നയം"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ പ്രഖ്യാപിത മദ്യ നയത്തിൽ നിന്നും നടപടികളിൽ നിന്നും പിന്മാറി യതിനുള്ള സാഹചര്യം വിശദമാക്കാമോ? | (എ) | സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിൽ നിന്നും നടപടികളിൽനിന്നും സർക്കാർ പിന്മാറിയിട്ടില്ല. അടുത്ത 10 വർഷം കൊണ്ട് ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത മദ്യനയം.<br>മദ്യവർജ്ജനവും, മദ്യനിരോധനവും സമന്വയിപ്പിച്ചുകൊണ്ടുള്ള 2014-15 ലെ മദ്യനയത്തിനെതിരെ ബഹു. ഹൈക്കോടതിയിൽ നിന്നും ചില നിരീക്ഷണങ്ങൾ വന്നതിനാലും, അടച്ചിട്ട ബാറുകളിലെ തൊഴിലാളികളുടെ ജീവനോപാധി നഷ്ടപ്പെടുന്ന സാഹചര്യം കണക്കിലെടുത്തും ഞായറാഴ്ച ഡ്രൈഡേ ആയി പ്രഖ്യാപിച്ചതുമൂലം തൊഴിൽ വിനോദ സഞ്ചാര മേഖലകളിൽ ഉണ്ടായിട്ടുള്ള ആഘാതങ്ങൾ പരിഹരിക്കുന്നതിനും 2014-15 വർഷത്തെ മദ്യനയത്തിന്റെ അടിസ്ഥാനഘടനയിൽ മാറ്റം വരാതെ ഞായറാഴ്ചകളിലെ ഡ്രൈഡേ ഒഴിവാക്കിക്കൊണ്ടും ബാറുകളിലെ പ്രവർത്തനസമയം 15 മണിക്കൂറിൽ നിന്നും 12 ½ മണിക്കൂറായി കുറവു ചെയ്തുകൊണ്ടും 31.03.2014-ൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചിരുന്ന ഹൈജിനിക് ആയ ബാർ ഹോട്ടലുകൾക്ക് ഓരോ ബാറിലുമുണ്ടായിരുന്ന എല്ലാ തൊഴിലാളികൾക്കും തൊഴിൽ കൊടുക്കണമെന്ന വ്യവസ്ഥയിൽ ബിയർ / വൈൻ പാർലറുകൾ അനുവദിക്കുന്നതിനും നാഷണൽ ഹൈവേയുടെയും സംസ്ഥാന ഹൈവേയുടെയും ഓരത്തുള്ള വിദേശമദ്യ ഔട്ട്ലെറ്റുകൾ 10% 2015 ജനുവരി മുതൽ അടച്ചിട്ടുകൊണ്ടും മദ്യനയം പ്രായോഗികമാക്കുകയാണ് 20.12.2014-ാം തീയതിയിലെ ജി.ഒ.(എം.എസ്) നമ്പർ. 205/2014/റ്റി.ഡി ഉത്തരവ് പ്രകാരം ചെയ്തത്. സർക്കാരിന്റെ പ്രഖ്യാപിത മദ്യനയത്തിൽനിന്നും പിന്മാറിയിട്ടില്ല. |

**സെക്ഷൻ ആഫീസർ.**